ആഗസ്റ്റ് 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ലോകം ഉറ്റുനോക്കിയിരുന്ന ചന്ദ്രയാൻ രണ്ടിന്റെ യാത്ര വിജയകരമായി ആരംഭിക്കുവാൻ ഇടയാക്കിയ ദൈവകൃപയ്ക്ക് സ്തോത്രം. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്രഷ്ടാവിന്റെ സർഗ്ഗശക്തിയോടുകൂടിയാണ്. വിഭാവനം ചെയ്യുവാനും വിഭാവനം ചെയ്യുന്ന കാര്യങ്ങളെ ക്രിയാത്മകമായി സുന്ദരമായി ആവിഷ്ക്കരിക്കുവാനും ഉള്ള ചാതുര്യം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ദൈവം നൽകിയിരിക്കുന്ന ഈ ചാതുര്യം സർഗ്ഗാത്മകമായി ലോകനന്മയ്ക്ക് ഉതകുന്ന വിധത്തിൽ ഉപയോഗിക്കുമ്പോഴാണ് നിഗൂഢമായ പ്രപഞ്ചത്തിന്റെ അജ്ഞാത രഹസ്യങ്ങളെ കണ്ടെത്തുവാനും ശാസ്ത്രീയമായ കണ്ടെത്തലുകൾ നടത്തുവാനും പുതിയ കണ്ടുപിടിത്തങ്ങളിലൂടെ ശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി മനുഷ്യന് വളരുവാനും കഴിയുന്നത്. ചന്ദ്രനിലേക്കുള്ള ബഹിരാകാശ യാത്രകളെല്ലാം മാനവരാശിയുടെ അദമ്യമായ അന്വേഷണ വ്യഗ്രതയുടെ നല്ല ഫലങ്ങളായിരുന്നു. മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയതിന്റെ 50-ാം വാർഷികം ലോകം ഈ നാളുകളിൽ ആഘോഷിക്കുമ്പോൾ ഇന്ത്യയ്ക്ക് സ്വന്തമായ നിലയിൽ ചന്ദ്രയാൻ 2 ദൗത്യത്തിലൂടെ ചന്ദ്രനെ സംബന്ധിച്ച കൂടുതൽ സത്യങ്ങൾ കണ്ടെത്തുവാൻ ഇപ്രകാരമൊരു ദൗത്യം നിർവ്വഹിക്കാൻ കഴിഞ്ഞത് രാഷ്ട്രത്തിന്റെ അഭിമാന പതാക കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് ഉയർത്തിക്കെട്ടുവാൻ കഴിഞ്ഞ ഒരു അനുഭവമാണ്. അമേരിക്കയുടെ ചന്ദ്രനിലേക്കുള്ള അപ്പോളോ ദൗത്യങ്ങളിൽ നാലാമത്തെ യാത്രയിൽ അപ്പോളോ 15 എന്ന പേടകം ചന്ദ്രനിലിറക്കി 19 മണിക്കൂറോളം ചന്ദ്രന്റെ മണ്ണിൽ നിലയുറപ്പിച്ച സംഘത്തിന്റെ തലവൻ ജെയിംസ് ഇർവിൻ 1985 ലെ മാരാമൺ കൺവൻഷനിൽ ഒരു പ്രസംഗകനായ വന്ന അനുഭവം ഈ സമയത്ത് അനുസ്മരിക്കട്ടെ. ചന്ദ്രനിൽ നിന്നും ശേഖരിച്ചതായ പാറക്കഷണങ്ങൾ മാരാമൺ കൺവൻഷന്റെ വേദിയിൽ ഉയർത്തിക്കാട്ടിയ അനുഭവം അതിന് ദൃക്സാക്ഷികളായവരുടെ മനസ്സിൽ നിന്ന് ഒരിക്കലും മാഞ്ഞുപോവുകയില്ല. കൺവൻഷൻ കഴിഞ്ഞ് റിട്രീറ്റ് സെന്ററിലേക്ക് അദ്ദേഹം നടന്നുപോകുമ്പോൾ അദ്ദേഹത്തെ അനുയാത്ര ചെയ്യുവാൻ നമുക്ക് ലഭിച്ച അവസരം അവിസ്മരണീയമാണ്. അന്ന് അദ്ദേഹം പറഞ്ഞ മഹത്തായ ഒരു സാക്ഷ്യം ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. അദ്ദേഹം പറഞ്ഞു-“ചന്ദ്രനിൽ കാലുകുത്തി മുകളിലേക്ക് നോക്കിയപ്പോൾ ഞാനൊരു നീല ഗോളം കണ്ടു.-ഞാൻ ജനിച്ച മണ്ണ്; എന്റെ ഭൂമി. അപ്പോൾ എന്റെ മനസ്സിൽ വന്ന ചിന്ത ഇപ്രകാരമായിരുന്നു-ഞാൻ ചന്ദ്രനിൽ കാലുകുത്തിയതിനെക്കാൾ വലിയ ഒരു മഹാസംഭവം ഞാൻ ജനിച്ച ഭൂമിയിൽ പണ്ട് നടന്നു.-എന്റെ ചിന്തയിൽ നിറഞ്ഞ ആ സംഭവം അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവത്തിന്റെ പുത്രൻ ഒരു ശിശുവായി ജനിച്ച് ഞാൻ പിറന്ന ഭൂമിയിൽ 2000 വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമായിരുന്നു”. താൻ ചന്ദ്രനിൽ കാലുകുത്തിയതല്ല ഏറ്റവും വലിയ സംഭവം എന്നും ദൈവത്തിന്റെ പുത്രൻ ഈ ഭൂമിയിൽ കാലുകുത്തിയതാണ് ഏറ്റവും മഹത്തായ സംഭവം എന്നും നമ്മെ അനുസ്മരിപ്പിച്ച ആ സാക്ഷ്യം എത്ര ചിന്തോദ്ദീപകവും അവിസ്മരണീയവുമാണ്. ദൈവത്തിന്റെ സൃഷ്ടി എത്ര മഹത്തരം, മഹോന്നതം, മഹാത്ഭുതം. ഈ മഹാത്ഭുതങ്ങളുടെയെല്ലാം ഉടയവനായിരിക്കുന്ന ദൈവം നമ്മിലൂടെയും മഹാത്ഭുതങ്ങൾ പ്രവർത്തിപ്പാൻ നമ്മെ ഓരോരുത്തരെയും ഓരോ മേഖലകളിൽ വിളിച്ചാക്കുന്നു എന്നതാണ് മനുഷ്യന് ഈ ഭൂമിയിൽ ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരവും പദവിയും. സെപ്റ്റംബർ 7-ാം തീയതി ചന്ദ്രയാൻ പേടകം ചന്ദ്രനിലിറങ്ങി വിജയകരമായി ദൗത്യം പൂർത്തീകരിച്ച്, ചന്ദ്രനെക്കുറിച്ച് ഇനിയും വെളിപ്പെടുത്തി കിട്ടിയിട്ടില്ലാത്ത ശാസ്ത്രരഹസ്യങ്ങൾ വെളിപ്പെടുത്തി കിട്ടുവാൻ നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം, അതിനായി പ്രാർത്ഥിക്കാം.

പിന്നിട്ട ജൂൺ മാസത്തിൽ കാലാവസ്ഥാ വ്യതിയാനം മൂലം മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത വിധം വരൾച്ചയുടെ ദുരിതങ്ങൾ നമ്മുടെ നാടിന് അനുഭവിക്കേണ്ടിവന്നു. ഗ്രാമങ്ങളിൽപ്പോലും കിണറുകൾ വറ്റിയതിന്റെ ഫലമായി ജൂണിൽ പ്പോലും കുടിവെള്ള ക്ഷാമം അനുഭവിക്കേണ്ടതായും വന്നു. എന്നാൽ ജൂലൈ മാസം ആഗതമായതോടുകൂടി കേരളത്തിലും വടക്കൻജില്ലകളിലും തെക്കൻ ജില്ലകളിലും കാലവർഷക്കെടുതികൾ അതിരൂക്ഷമായി അനുഭവപ്പെട്ടു. മധ്യമേഖലയിൽ സാമാന്യം നല്ല മഴ ലഭിക്കുകയും ചെയ്തു. എന്നാൽ ഈ കാലയളവിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ കഴിഞ്ഞ സംവത്സരത്തിൽ കേരളം അനുഭവിച്ചതുപോലുള്ള പ്രളയക്കെടുതികൾ അനുഭവിക്കേണ്ടിവന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ മറ്റൊരു പ്രതിഭാസമായിരുന്നു ഇത്. 2018 ലെ പ്രളയത്തോടനുബന്ധിച്ച് നടന്ന ദുരിതാശ്വാസപ്രവർത്തനങ്ങളിൽ നമ്മുടെ ഇടവകകളും പ്രസ്ഥാനങ്ങളും കാര്യക്ഷമമായി പങ്കെടുത്തു എന്നത് ഏറ്റവും ശ്ലാഘനീയമായ ഒരു കാര്യമാണ്. ഇനിയും പുനരധിവാസം എന്ന വലിയ പ്രക്രിയയ്ക്കാണ് കേരളസമൂഹം ഒരുങ്ങിക്കൊണ്ടിരിക്കുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും വീടിന് അറ്റകുറ്റപ്പണികൾ ആവശ്യമായിരിക്കുന്നവർക്ക് അറ്റകുറ്റപ്പണികൾ ചെയ്ത് വീട് പുനഃരധിവാസയോഗ്യമാക്കുന്നതിനുമായി 10 കോടി രൂപായുടെ ഒരു പ്രോജക്ടാണ് സഭ ഏറ്റെടുത്തിരിക്കുന്നത്. ഏഴര ലക്ഷം രൂപാ വീതം ചെലവഴിച്ച് 100 വീടുകൾ നിർമ്മിക്കുന്നതിനായി ഏഴരകോടി രൂപായും അറ്റകുറ്റപ്പണികൾ ചെയ്ത് വീടുകൾ പുനരുദ്ധരിക്കുന്നതിനായി രണ്ടരകോടി രൂപായും ആണ് ഇതിനായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നത്. വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി വ്യവസ്ഥകൾ ഒന്നും കൂടാതെ ഉദാരപൂർവ്വം സ്ഥലം ദാനമായി നൽകിയവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇപ്പോൾ 15 വീടുകളുടെ പണി കോൺട്രാക്ടേഴ്സ് ആരംഭിച്ചുകഴിഞ്ഞു. ഈ പ്രോജക്ടിനായുള്ള ധനസമാഹരണത്തിൽ സഹകരിച്ച എല്ലാ ഇടവകകളോടും സഭാജനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ സഭാ പ്രതിനിധി മണ്ഡലം ഏറ്റവും അനുഗ്രഹകരമായി നടത്തപ്പെടുന്നതിന് എല്ലാവരും സഭയുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രാർത്ഥിക്കുകയും സഹകരിക്കുകയും വേണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാ ഭരണഘടന 21-ാം വകുപ്പ് പ്രകാരം ഒരു എപ്പിസ്കോപ്പൽ ഇലക്ഷൻ പ്രക്രിയ പൂർത്തീകരിക്കപ്പെടാതെ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കുവാൻ സാധിക്കുകയില്ല. എപ്പിസ്കോപ്പൽ നോമിനേഷൻ കമ്മറ്റി സഭാകൗൺസിലിന് ലിസ്റ്റ് സമർപ്പിച്ച് കഴിഞ്ഞ് നോമിനേഷൻ കമ്മറ്റി സ്വയം ഇല്ലാതാവുകയാണ്. ആയതിനാൽ 21-ാം വകുപ്പ് നിർദ്ദേശിക്കുന്നതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തുവാനായി പ്രതിനിധി മണ്ഡലം കൂടുന്ന സ്ഥലം, തീയതി, സമയം, എന്നിവ സഭാകൗൺസിൽ നിശ്ചയിക്കേണ്ടതും ആ വിവരങ്ങളും നിർദ്ദേശിത പേരുകളും കാണിച്ച് ഒരു നോട്ടീസ് തെരഞ്ഞെടുപ്പ് തീയതിക്ക് 2 മാസം മുൻപ് എല്ലാ ഇടവകകൾക്കും പ്രതിനിധി മണ്ഡലാംഗങ്ങൾക്കും സഭാസെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്. 24-ാം വകുപ്പ് പ്രകാരം എപ്പിസ്കോപ്പൽ സിനഡ് രൂപവൽക്കരിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് യോഗം നടത്തേണ്ടതും ആ യോഗത്തിൽ ഇതര വിഷയങ്ങൾ ആലോചനയ്ക്ക് എടുക്കുകയോ പ്രതിനിധി മണ്ഡല യോഗാംഗങ്ങൾ അല്ലാത്തവർക്ക് പ്രവേശനം അനുവദിക്കുകയോ നിർദ്ദേശിതരുടെ യോഗ്യതായോഗ്യതകളെ സംബന്ധിച്ച് വാദപ്രതിവാദം നടത്തുകയോ നിർദ്ദേശിതരല്ലാത്തവരുടെ പേരുകൾ വോട്ടിനിടുകയോ ചെയ്തുകൂടാത്തതാണ്. സഭാപ്രതിനിധി മണ്ഡലം ഇക്കാര്യത്തിൽ കൂടുന്നതിനെ വിലക്കുവാൻ സഭാകൗൺസിലിനോ എപ്പിസ്കോപ്പൽ സിനഡിനോ അവകാശമില്ല. മണ്ഡലത്തിൽ അവതരിപ്പിച്ച ലിസ്റ്റ് സ്വീകരിക്കാനോ സ്വീകരിക്കാതിരിക്കാനോ ഉള്ള

സ്വാതന്ത്ര്യം മണ്ഡലത്തിനുണ്ട്. എന്നാൽ ഈ പ്രമേയത്തോട് പ്രതികരിക്കുവാനുള്ള മണ്ഡലത്തിന്റെ അവകാശം ധ്വംസിക്കപ്പെടുവാൻ പാടുള്ളതല്ല എന്ന യാഥാർത്ഥ്യം സഭാജനങ്ങളും മണ്ഡലാംഗങ്ങളും മനസ്സിലാക്കേണ്ടതാണ്. ഇപ്പോഴത്തെ മണ്ഡലത്തിന്റെ കടശിയോഗമാണ് ഇപ്പോൾ നടക്കുന്നത് എന്ന കാര്യവും പ്രത്യേകം ഓർക്കണം. അടുത്ത മണ്ഡലം പുതിയ തെരഞ്ഞെടുപ്പ് കഴിഞ്ഞ് മാത്രമേ കൂടുവാൻ സാധ്യതയുള്ളൂ എന്ന യാഥാർത്ഥ്യവും എല്ലാവരും മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ദൈവകൃപയുടെ വ്യാപാരം ഈ മണ്ഡലയോഗത്തിൽ ഉണ്ടാകേണ്ടതിനായി നാം എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

കഴിഞ്ഞമാസത്തിൽ സംസ്ഥാനത്തുണ്ടായ ആത്മഹത്യയും നരഹത്യയും നമ്മുടെ സംസ്ഥാനത്തിന്റെ സംസ്കാരത്തിനു തന്നെ കനത്ത മുറിവുകൾ ഏല്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വേദനാജനകമായ ആ സംഭവം ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ആ സംഭവത്തെത്തുടർന്നുണ്ടായ സമരപരിപാടികൾ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെത്തന്നെ പിടിച്ചുലയ്ക്കുകയും ചെയ്തു. ശബരിമല വിഷയത്തിൽ ഉളവായ വിഭാഗീയതകളേക്കാൾ ഉപരിയായി യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ വിഭാഗീയത വളരുകയും പലപ്പോഴും അക്രമാസക്തമായ സംഭവങ്ങളിലേക്ക് നയിക്കപ്പെടുകയും ചെയ്തു എന്നതും ലജ്ജാകരമായ ഒരു അനുഭവ യാഥാർത്ഥ്യമത്രെ.

ജൂലൈ മാസത്തിൽ 24 ശെമ്മാശന്മാർ കശ്ശീശാമാരായി പട്ടം കെട്ടപ്പെട്ടു. അവരെ എപ്പിസ്കോപ്പൽ സിനഡ് വിവിധ ഇടങ്ങളിൽ സഭയുടെ ശുശ്രൂഷകളിലും ചുമതലകളിലും നിയോഗിച്ചു. നിയോഗിക്കപ്പെട്ടവർ സഭയുടെ ശുശ്രൂഷാസ്ഥാനങ്ങളിൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ നല്ല ശുശ്രൂഷക്കാരായി അനുഗൃഹീതമായ ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

ബൈബിൾ സൊസൈറ്റിയുടെ നാഷണൽ കൗൺസിലിൽ സംബന്ധിക്കാനായി വിശാഖപട്ടണത്ത് പോയ വേളയിൽ സമീപ പ്രദേശങ്ങളിലുള്ള നമ്മുടെ മിഷൻ ഫീൽഡുകൾ സന്ദർശിക്കുവാൻ ഇടയായി. വിശാഖപട്ടണത്തിന് സമീപത്തുള്ള, ഡൽഹി ഭദ്രാസനത്തിന്റെ ചുമതലയിലുള്ള നമ്മുടെ ശ്രീകാക്കുളം മിഷൻ ഫീൽഡ് ഈ അവസരത്തിൽ സന്ദർശിക്കുകയുണ്ടായി. ആ മേഖലയിലുള്ള ഗ്രാമങ്ങളിൽ ശുശ്രൂഷയിലായിരിക്കുന്ന 17 സുവിശേഷകരോടു ചേർന്ന് ഒരു ദിവസം ചെലവഴിക്കുവാനും കഴിഞ്ഞു. തുടർന്ന് റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ഒഡീഷായിലെ കലഹാണ്ടി മിഷൻ ഫീൽഡ് സന്ദർശിച്ചു. അവിടെ പ്രവർത്തിക്കുന്ന നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളിന്റെ, 67 ലക്ഷം രൂപയോളം ചെലവഴിച്ച് പണികഴിപ്പിച്ച കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിക്കയുണ്ടായി. ആ മേഖലയിലുള്ള സുവിശേഷകരോടൊപ്പം മൂന്നു ദിവസം ചെലവഴിക്കാനിടയായി. വിശാഖപട്ടണത്തു നിന്ന് ഒരു രാത്രി ട്രെയിനിൽ യാത്ര ചെയ്താണ് കലഹാണ്ടിയിലെത്തിയത്. അവിടെനിന്ന് അഞ്ചു മണിക്കൂർ കാറിൽ യാത്രചെയ്ത് നിരണം-മാരാമൺ ഭദ്രാസനത്തിന്റെ ഖരിയാർ റോഡ് മിഷൻ ഫീൽഡിലെത്തി അവിടെയുള്ള സുവിശേഷകരോടൊപ്പം രണ്ടു ദിവസം ചെലവഴിച്ചു. അവിടെനിന്ന് റായ്പൂരിലെത്തി ഛത്തീസ്ഗഡ് മുൻമുഖ്യമന്ത്രിയും ഇപ്പോൾ എം.എൽ.എ.യുമായ ശ്രീ. അജിത് യോഗിയെ സന്ദർശിച്ചു. അദ്ദേഹം ഇപ്പോഴും വീൽചെയറിലിരുന്നാണ് മുറിയിൽ സഞ്ചരിക്കുന്നത്. തുടർന്ന് ഖരിയാർ റോഡിലുള്ള സ്കൂളിനോടനുബന്ധിച്ചുള്ള വസ്തു പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി ഛത്തീസ്ഗഡ് ഹോം സെക്രട്ടറിയെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെയും കളക്ടറുടെയും നിർദ്ദേശപ്രകാരം ഉഭയകക്ഷി ഉടമ്പടി പൂർത്തീകരിക്കുകയും ചെയ്തു. സമീപ വസ്തു ഉടമയുടെ 600 ചതുരശ്ര അടി സ്ഥലം വാങ്ങാനും വിൽക്കുവാനും പറ്റാത്ത നിലയിലുള്ളതാകയാൽ അത്രയും സ്ഥലം വിട്ടുകൊടുത്തുകൊണ്ട് അത്രയും അളവ് സ്ഥലം ഏറ്റെടുക്കാൻ സമ്മതം നൽകിയിട്ടുണ്ട്. അതേസമയം 30 അടി വീതിയുള്ള വഴി താമസസ്ഥലത്തേക്ക് തുറന്നുകിട്ടുകയും ചെയ്യും (വസ്തു കൈമാറ്റമില്ല. ഉപയോഗക്ഷമത കൈമാറുന്നു എന്നേയുള്ളു). അത് ലഭ്യമാകുമ്പോൾ സ്കൂളിനായി വാങ്ങിയ സ്ഥലം കൂടുതൽ ഉപയോഗക്ഷമമായി പ്രയോജനപ്പെടുത്തുവാൻ കഴിയും. ഇപ്പോഴും സ്കൂൾ പ്രവർത്തിക്കുന്നത് ഒരു വാടകക്കെട്ടിടത്തിലാണ്. ഖരിയാർ റോഡിലെ മിഷൻ ഫീൽഡിലെ 3 കെട്ടിടങ്ങൾ അപകടകരമായ അവസ്ഥയിലാണ് നിലകൊള്ളുന്നത്. അത്യാവശ്യമായി ആ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. പള്ളിയോട് ചേർന്ന് പണിതതായ ഗസ്റ്റ് റൂം അതിനോടു ചേർന്നുള്ള ടോയ്ലറ്റ്സ്, ബോയ്സ് ഹോസ്റ്റൽ, ആദ്യ കെട്ടിടം എന്നിവയുടെ ആവശ്യത്തിലേക്കായി 25 ലക്ഷം രൂപാ ഉടനെ കണ്ടെത്തേണ്ടതായിട്ടാണ് ഇരിക്കുന്നത്. അവിടെനിന്നും തിരുവല്ലായിൽ മടങ്ങിയെത്തിയതിനു ശേഷം രണ്ടു സ്ഥലങ്ങളിൽ വെച്ച് അഞ്ച് കശ്ശീശാമാർക്കുള്ള പട്ടംകൊട ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഇരവിപേരൂർ പ്രാദേശിക വൈ.എം.സി.എ.യുടെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം ജൂലൈ 14-ാം തീയതി നിർവ്വഹിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ കൊമ്പാടിയിൽ വെച്ച് നടന്ന ട്രാൻസ്ജെന്റേഴ്സിന്റെ സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. അന്നേ ദിവസം ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരത്തിന്റെ വാർഷികയോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി. ജൂലൈ 17, 18 തീയതികളിൽ ഹൈദരാബാദിൽ വെച്ച് നടന്ന ഹെൻറി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികയോഗത്തിൽ സംബന്ധിച്ചു. സുപ്രസിദ്ധ മിഷനറിയും വിശുദ്ധ വേദപുസ്തകം പേർഷ്യൻ ഭാഷയിലേക്ക് തർജ്ജമ ചെയ്ത് അന്നത്തെ മുഗൾചക്രവർത്തിയായിരുന്ന ഔറംഗസീബിന് സമർപ്പിച്ച, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ വേദശാസ്ത്ര പണ്ഡിതനുമായിരുന്ന ഹെൻറി മാർട്ടിന്റെ സ്മാരകമായിട്ടാണ് 1930 ൽ വിശാലമായ എക്യുമെനിസത്തിന്റെ ദർശനത്തോടുകൂടി ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. സമാനചിന്താഗതികളുള്ള ക്രിസ്ത്യൻ മിഷനറി സമൂഹങ്ങൾ ചേർന്നാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതെങ്കിലും പിന്നീട് വ്യത്യസ്ത ചിന്താഗതികളുള്ള സഭകളെ കൂടി സഹകരിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. എന്നാൽ 1960 കളിലേക്ക് വന്നപ്പോൾ ഇതര മതവിശ്വാസങ്ങളെ കൂടി ഉൾക്കൊണ്ടുകൊണ്ട് വിശാലമായ ഒരു ദർശനത്തിൽ പഠനവും ഗവേഷണവും നടത്തുവാനുള്ള സമീപനം ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിക്കുകയുണ്ടായി. സെറാമ്പൂർ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്താണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. എം.റ്റി.എച്ചിനും ഡി.റ്റി.എച്ചിനുമായി 23 പേർ ഇവിടെ പഠനത്തിലേർപ്പെട്ടിരിക്കുന്നു. ഈ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു സുഹൃദ്സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ജൂലൈ 22-ാം തീയതി കോതമംഗലത്ത് ഗ്രീൻവാലി പബ്ലിക് സ്കൂളിൽ വെച്ചു നടന്ന, ആയിരങ്ങൾ പങ്കെടുത്ത യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ മോറോൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ തിരുമേനിയുടെ 91-ാം ജന്മദിന ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്ത് മാർത്തോമ്മാ സഭയുടെ ആശംസകളും ആദരവുകളും അറിയിച്ചു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഹൈറേഞ്ചിൽ കുട്ടമ്പുഴ മിഷൻ ഫീൽഡിൽ പുതുതായി രൂപംകൊള്ളുന്ന ലൈറ്റ് ടു ലൈഫ് പ്രോജക്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. 10 മിഷൻ സെന്ററുകൾ ഉൾക്കൊള്ളുന്ന മേഖലയിലെ 500 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസപരമായും മൂല്യാധിഷ്ഠിതമായുമുള്ള വളർച്ചയ്ക്ക് സഹായകരമാകുന്ന വിധത്തിലും കൈത്താങ്ങൽ നൽകുന്ന കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ഒരു പ്രോജക്ടാണിത്. അമേരിക്കൻ ഭദ്രാസനത്തിന്റെ സഹകരണത്തോടുകൂടിയാണ് ഈ പ്രോജക്ട് നടത്തുന്നത്.

നമ്മുടെ സഭയിലെ യുവപട്ടക്കാരനായ റവ. വിനീത് മാത്യു അച്ചന്റെ അഞ്ചുമാസം പ്രായമുള്ള കുഞ്ഞ് അടുത്തസമയത്ത് ഒരു കാറപകടത്തിൽ മരണപ്പെട്ടു. വണ്ടി ഡ്രൈവ് ചെയ്ത വിനീത് അച്ചനും മുൻസീറ്റിൽ കുഞ്ഞിനെ മടിയിൽ കരുതിയിരുന്ന മാതാവിനും സാരമായ പരുക്കുകൾ പറ്റിയില്ല. പെട്ടെന്നുണ്ടായ ആഘാതത്തിൽ ഡാഷ് ബോർഡിൽ തട്ടിയതിന്റെ ഫലമായിട്ടാണ് പൈതലിന് മരണം സംഭവിച്ചത്. പ്രിയപ്പെട്ട കുഞ്ഞിന്റെ വേർപാടിൽ അതീവദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. സന്തപ്തകുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

ആഗസ്റ്റ് മാസം സഭയുടെ ധ്യാനം ആരംഭിക്കുന്നത് 15 നോമ്പ് ആരംഭത്തോടുകൂടിയാണ്. പ്രതികാര ചിന്തയില്ലാതെയും മറുതലിപ്പില്ലാതെയും ജീവിതത്തിലെ

വേദനാജനകമായ അനുഭവങ്ങളെ സമീപിക്കുവാനുള്ള ആഹ്വാനം നൽകുന്ന വേദഭാഗമാണ് അന്നത്തെ ധ്യാനവിഷയം. വിശുദ്ധ വേദപുസ്തകത്തിൽ അപ്രതീക്ഷിതമായി ഏറ്റെടുക്കേണ്ടിവരുന്ന സങ്കീർണ്ണമായ അനുഭവങ്ങളെ വിശാലമായ മനസ്സോടും ആഴമേറിയ ദൈവാശ്രയത്തോടും എങ്ങനെ സമീപിക്കണം എന്നതിന്റെ ഏറ്റവും മാതൃകാപരമായ ദൃഷ്ടാന്തമാണ് യേശുവിന്റെ അമ്മയായ മറിയ. തന്നിലുരുവാകാൻ പോകുന്ന കുഞ്ഞിനെക്കുറിച്ചുള്ള അറിയിപ്പ് ദൂതൻ നൽകുമ്പോൾ “ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ” എന്നു പറഞ്ഞ് കൃപയുടെ നിറവോടെ തന്നെത്തന്നെ സമർപ്പിച്ച മറിയ. “കർത്താവ് അരുളിചെയ്തത് വിശ്വസിച്ച നീ ഭാഗ്യവതി” എന്ന് ആശംസിച്ച എലിസബേത്തിന്റെ അഭിവാദനം കേട്ടപ്പോൾ “ഇന്നുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും” എന്ന് പ്രഖ്യാപിച്ച മറിയ. “നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും” എന്ന് പ്രവചിച്ച വന്ദ്യവയോധികനായ ശിമ്യോന്റെ ആശംസ ഹൃദയത്തിൽ സ്വാംശീകരിച്ച്, തന്റെ പ്രിയ പുത്രനെ വിട്ട് എല്ലാവരും ഓടിപ്പോയിട്ടും കുരിശിന്റെ ചുവട്ടിൽ അചഞ്ചലമായ വിശ്വാസസ്ഥൈര്യത്തോടുകൂടി നിലയുറപ്പിച്ച മറിയ-ആ ധന്യ ജീവിതത്തെക്കുറിച്ചുള്ള സ്മരണയാണല്ലോ 15 നോമ്പ്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ചരിത്രസംഭവമാണ് സംവത്സരങ്ങൾക്കു മുമ്പ് ഒരു 15 നോമ്പിന്റെ കടശ്ശി ദിനത്തിൽ സംഭവിച്ചത്. അന്നത്തെ യാഥാസ്ഥിതികമായ കാഴ്ചപ്പാടുകളെ വെല്ലുവിളിച്ചുകൊണ്ടും വേദപുസ്തക സത്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടും മലയാളത്തിൽ പ്രൊമ്യോനും സെദറായും വായിച്ച് പാലക്കുന്നത്ത് ഏബ്രഹാം മല്പാൻ അച്ചൻ വിശുദ്ധ കുർബ്ബാന 1836 ൽ 15 നോമ്പ് വീടുന്ന ദിവസമായിരുന്നു അർപ്പിച്ചത്. അതിന്റെ ഫലമായി അദ്ദേഹം യാഥാസ്ഥിതിക സഭാ നേതൃത്വത്തിനാൽ ശിക്ഷിക്കപ്പെട്ട അനുഭവമുണ്ടായി. എന്നാൽ ആ നവീകരണത്തിന്റെ കാഹളത്തെ ഇല്ലാതാക്കുവാനോ ആ നവീകരണത്തിന്റെ വചന വെളിച്ചത്തെ കെടുത്തിക്കളയാനോ ആർക്കും കഴിഞ്ഞില്ല. വേദപുസ്തക സത്യങ്ങളെ ഹൃദയത്തിലേറ്റുവാങ്ങി സഭ ഇന്നും നവീകരണത്തിന്റെ വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇത്രത്തോളം നമ്മെ നടത്തിയ വലിയവനായ ദൈവത്തിനു സ്തോത്രം. ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച മിഷൻ സൺഡേയാണ്. സുവിശേഷം എല്ലാവരിൽ നിന്നും എല്ലായിടത്തേക്കും എന്നതാണ് അന്നത്തെ ചിന്താവിഷയം. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ 20-ാം നൂറ്റാണ്ടിൽ ആരംഭിച്ചത് പ്രകാശിതമായ പാശ്ചാത്യനാടുകളിൽ നിന്ന് അന്ധകാരവൃതമായ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് മിഷനറിമാർ കടന്നുചെന്ന് വെളിച്ചം കൊടുക്കണം എന്ന ചിന്തയോടെയായിരുന്നു. എന്നാൽ പിന്നീട് ഭാരതത്തിന്റെയും ആഫ്രിക്കൻ രാജ്യങ്ങളുടെയും ആദ്ധ്യാത്മികതയുടെ വെളിച്ചം പാശ്ചാത്യലോകം തിരിച്ചറിഞ്ഞപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ഓരോ ഇടങ്ങളിലെ സഭയ്ക്ക് ലഭ്യമായ സുവിശേഷ വെളിച്ചം പരസ്പരം പങ്കുവെയ്ക്കുന്നതിലൂടെയാണ് സുവിശേഷ പ്രഘോഷണത്തിന്റെ ധന്യത നിലനിർത്തേണ്ടത് എന്ന ഉൾക്കാഴ്ചയിലേക്ക് എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ ഉണരുകയാണുണ്ടായത്. ഈ യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആഗസ്റ്റ് 6 മറുരൂപ പെരുന്നാളാണ്. മറുരൂപമലയിലെ കർത്താവിന്റെ തേജസ്കരണത്തെ കുറിച്ചാണ് നാം അന്ന് ധ്യാനിക്കുന്നത്. ന്യായപ്രമാണത്തിന്റെ ആൾരൂപമായ മോശയും പ്രവാചക പാരമ്പര്യത്തിന്റെ പ്രതിരൂപമായ ഏലിയാവും യേശുവിനോടൊപ്പം ആ മലയിൽ പ്രത്യക്ഷപ്പെടുന്ന അനുഭവത്തിനാണ് ശിഷ്യന്മാർ സാക്ഷ്യം വഹിച്ചത്. എന്നാൽ യേശുക്രിസ്തുവിന്റെ തേജോമയമായ രൂപം പ്രത്യക്ഷപ്പെട്ടപ്പോൾ ഉദയസൂര്യനു മുമ്പ് ഉദിച്ച പ്രഭാത നക്ഷത്രം ഉദയസൂര്യന്റെ ശോഭയിൽ നിഷ്പ്രഭമാകുന്നതുപോലെ മറ്റ് രണ്ടുപേരും നിഷ്പ്രഭമായി പോകുന്ന കാഴ്ചയും ക്രിസ്തു നിസ്തുല്യശോഭയോടെ നിലകൊള്ളുന്ന കാഴ്ചയുമാണ് ശിഷ്യന്മാർ കണ്ടത്. യഥാർത്ഥ രക്ഷയുടെ മാർഗ്ഗത്തിന്റെ പ്രഭ ആരിലാണ് അതിന്റെ സമ്പൂർണ്ണ ശോഭയോടെ വിളങ്ങുന്നത് എന്ന് അന്ന് ശിഷ്യന്മാർ തിരിച്ചറിഞ്ഞതുപോലെ ഇന്ന് നാമും തിരിച്ചറിയേണ്ടതാണ്. ആഗസ്റ്റ് 11 ഞായർ വിശുദ്ധ മാമോദീസായെ കുറിച്ച് നാം ചിന്തിക്കുന്നു. യേശു യോഹന്നാനാൽ സ്നാനമേൽക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും സ്വർഗ്ഗത്തിന്റെ ഒരു മഹാപ്രഖ്യാപനം അവിടെ കേൾക്കുകയും ചെയ്യുന്നു. “നീ എന്റെ പ്രിയ പുത്രൻ നിന്നിൽഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന ആ പ്രഖ്യാപനം സ്വർഗ്ഗം യേശുവിന്റെ പരസ്യശുശ്രൂഷയ്ക്ക് നൽകിയ അംഗീകാര വിളംബരമായിരുന്നു. യേശുവിന്റെ രക്ഷണ്യപദ്ധതിക്ക് സ്വർഗ്ഗത്തിന്റെ അംഗീകാരം ലഭിച്ച ഒരു ചരിത്രസന്ദർഭം കൂടിയായിരുന്നു. 15 നോമ്പുവീടൽ ദിനത്തിലാണ് നമ്മുടെ രാഷ്ട്രം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും നവഭാരത ശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മറ്റു നേതാക്കളും ഒരുവലിയ ജനതയും ദീർഘസംവത്സരങ്ങളിലൂടെ നടത്തിയ ത്യാഗോജ്ജ്വലമായ സഹനസമര പോരാട്ടങ്ങളുടെ പരിസമാപ്തിയായിരുന്നു ആദ്യത്തെ സ്വാതന്ത്ര്യദിനം. സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളുടെ ചരിത്രം പലതുണ്ടെങ്കിലും പല രാഷ്ട്രങ്ങളും പിന്നീട് ഏകാധിപത്യത്തിലേക്കും പട്ടാളഭരണത്തിലേക്കുമൊക്കെ തെന്നിവീഴുന്ന കാഴ്ചയും ചരിത്രം നമുക്ക് മുമ്പിൽ സമർപ്പിക്കുന്നുണ്ട്. ഈ ജനാധിപത്യം സ്വാതന്ത്ര്യത്തോടും മതേതരത്വത്തോടും കൂടി സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കേണ്ട സന്ദർഭമാണിത്. ആ ദിവസം നമ്മുടെ ചിന്താവിഷയം തന്നെ രാഷ്ട്രനിർമ്മിതിയിൽ ദൈവജന പങ്കാളിത്തം എന്നുള്ളതാണ്. ആഗസ്റ്റ് 18 ഞായർ സഭാ നവീകരണ ദിനമാണ്. ദൈവജനത്തിന്റെ ആധികാരികതയെക്കുറിച്ച് അന്ന് നാം ചിന്തിക്കുന്നു. ഓരോ വചനധ്യാനവും നമ്മെ കൂടുതൽകൂടുതൽ നവീകരിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവവചനത്തിന്റെ വെളിച്ചത്തിലും ആധികാരികതയിലും ജീവിതത്തെ വ്യാഖ്യാനിക്കുകയും വിശകലനം ചെയ്യുകയും പുതുക്കുകയും ചെയ്യുമ്പോഴാണ് നവീകരണം ഒരു വർത്തമാനകാലാനുഭവമായി നിലനിൽക്കുന്നത്. ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. ഗദ്സമനയിൽ തുടങ്ങി കുരിശനുഭവത്തിലേക്ക് വളരുന്ന യേശുവിന്റെ പരമയാഗത്തിന് 4 ക്രിയാത്മക ഘട്ടങ്ങളുണ്ട്. ആ നാല് ഘട്ടങ്ങളെയാണ് വിശുദ്ധ കുർബ്ബാനയിലൂടെ യേശു പ്രഖ്യാപിച്ചത്. ഗദ്സമനയിൽ “കഴിയുമെങ്കിൽ പിതാവേ ഈ പാനപാത്രം എങ്കൽ നിന്ന് നീക്കേണമേ” എന്ന് പ്രാർത്ഥിച്ച യേശു “എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംപോലെയാകട്ടെ” എന്ന് പ്രഖ്യാപിക്കുമ്പോൾ യേശു തന്നെത്തന്നെ ദൈവകരങ്ങളിലേക്ക് സമർപ്പിക്കുകയാണ്. അങ്ങനെ അപ്പം ക്രിസ്തു കരങ്ങളിലെടുത്തതുപോലെ ദൈവത്തിന്റെ കരങ്ങളിൽ പുത്രൻ സമർപ്പിക്കപ്പെട്ട് എടുക്കപ്പെടുകയാണ്. ഗദ്സമനയിലെ കഠിനമായ വേദനയിൽ ശുഭ്രവസ്ത്രധാരിയായിരുന്ന യേശു രക്താംബരധാരിയായി കാണപ്പെടുന്ന അനുഭവം ക്രിസ്തു ദൈവകരങ്ങളിൽ എടുക്കപ്പെട്ട് വാഴ്ത്തപ്പെടുന്ന അനുഭവമാണ്. ആ ക്രിസ്തുവിനെ ചുംബനം കൊണ്ട് ഒറ്റുകൊടുക്കുവാൻ ഇസ്ക്കരിയോത്താ യൂദാ എത്തുമ്പോൾ തന്നെ പിടിക്കാൻ വരുന്നവരുടെ കരങ്ങളിലേക്ക് ക്രിസ്തു തന്നെതന്നെ ഏല്പിച്ചുകൊടുക്കുമ്പോൾ ദൈവകരങ്ങളിൽ എടുക്കപ്പെട്ട് വാഴ്ത്തപ്പെട്ട അപ്പം ലോകത്തിനുവേണ്ടി നുറുക്കപ്പെടാൻ വിട്ടുകൊടുക്കുന്ന അനുഭവമാണ് നാം ദർശിക്കുന്നത്. കുരിശിൽ യേശു തറയ്ക്കപ്പെട്ടു. കുരിശ് ആ ജീവിതത്തിന്റെ അന്ത്യം കുറിച്ചു എന്ന് ലോകം വിചാരിച്ചു. എന്നാൽ ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. വിശുദ്ധ കുർബ്ബാന നമ്മെ നയിക്കുന്നത് പാപത്തിൽ മരണപ്പെട്ടവരായ നമ്മെ ക്രിസ്തുവിലൂടെ പുതിയ ജീവിതത്തിലേക്ക് ഉയിർപ്പിക്കുന്ന അനുഭവത്തിലേക്കാണ്. ഈ ഉയിർപ്പാണ് ഏതു പ്രതിസന്ധികളുടെ മധ്യത്തിലും ഏതു കണ്ണീരിന്റെ അനുഭവത്തിലും നമുക്ക് പ്രതീക്ഷയുടെ ഒരു സൂര്യോദയം സമ്മാനിക്കുന്നത്. ഈ രക്ഷയുടെ അനുഭവക്കാരായായി ക്രിസ്തുവിൽ ഉയിർപ്പിന്റെ അനുഭവത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിക്കും യെശയ്യാവ് പ്രവാചകനെപ്പോലെ ഇപ്രകാരം സാക്ഷിക്കാൻ കഴിയും-

“നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേലായി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു” (യെശ.53:5)..

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
27-07-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**